**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3473** **02-03-2023 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനത്തിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന പദ്ധതികൾ മുഖേന എത്ര കോടി രൂപയുടെ അധിക ഉല്പാദനം മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ടി പദ്ധതിയുടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കുക വഴി 2016-നെ അപേക്ഷിച്ച് 2017-ൽ 0.916 കോടി രൂപയുടെ അധിക ഉല്പാദനം ഉണ്ടാക്കുന്നതിനു സാധിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് 2018-ൽ 1.05 കോടി രൂപയുടെ അധിക ഉല്പാദനം ഉണ്ടാക്കുവാൻ സാധിച്ചു. 2018-ൽ ലഭിച്ചതിനേക്കാൾ 1.42 കോടി രൂപയുടെ അധിക ഉല്പാദനം ആണ് 2019-ൽ നേടാൻ കഴിഞ്ഞത്.<br><br>2019- നേക്കാൾ 1.46 കോടി രൂപയുടെ അധിക വരുമാനം 2020-ലും 1.49 കോടി രൂപയുടെ അധിക വരുമാനം 2021-ലും 1.69 കോടി രൂപയുടെ അധിക വരുമാനം 2022-ലും പച്ചക്കറി ഉല്പാദനത്തിൽ നിന്നും സംസ്ഥാനത്തിനു ലഭിച്ചു. |
| (ബി) | കൃഷിക്കാർക്ക് സുലഭമായി നടീൽ വസ്തുക്കൾ ലഭിക്കാൻ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | കൃഷിക്കാർക്ക് സുലഭമായി നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും, മികച്ചയിനം വിത്തുകൾ, തൈകൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ ഫാമുകൾ, അംഗീകൃത നഴ്സറികൾ, ബി.എൽ.എഫ്.ഒ. നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവയുടെ മേൽനോട്ടത്തിൽ ഉല്പാദിപ്പിച്ചു വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകളടങ്ങിയ 10/- രൂപ വിലയുള്ള 48.02 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 151.1879 ലക്ഷം പച്ചക്കറി തൈകളും, ദീർഘകാല വിളകളായ പച്ചക്കറി ഇനങ്ങളായ 6.10196 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, |

| | | | |
|---|---|---|---|
| | | | കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിലൂടെ 1.23160 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്തു.<br><br>സംസ്ഥാനത്ത് ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വീട്ടുകളിൽ നേരിട്ട് വിവിധയിനം ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നതിനായി കാർഷിക വികസന കർഷക്ഷേമ വകുപ്പ് "ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേസ് ആന്റ് മെഡിസിനൽ പ്ലാൻസ് 2022-23" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് "ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം".<br><br>ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷിക കർമ്മ സേന/അഗ്രോസർവീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേന ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുക്കൾച്ചർ തൈകൾ 75% സബ്സിഡിയോട് കൂടിയും, ഫലവൃക്ഷ തൈകളും, വാഴകന്നും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്. ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം പദ്ധതി പ്രകാരം നാളിതുവരെ ആകെ 60,64,717 എണ്ണം ഫലവൃക്ഷ തൈകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തു. ഇതിൽ 7,61,664 എണ്ണം ഗ്രാഫ്റ്റുകളും, 4,46,183 എണ്ണം ലെയറുകളും, 10,68,421 എണ്ണം ടിഷ്യുകൾച്ചർ വാഴത്തൈകളും, 14,734,76 എണ്ണം വാഴക്കന്നുകളും, 23,14,973 എണ്ണം മറ്റ് ഫലവൃക്ഷ ഇനങ്ങളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ